# മലർവാടി

കുട്ടികളുടെ ദ്വൈവാരിക

1 ജനുവരി 2019, പുസ്തകം 39, ലക്കം 5




# പുതുവത്സര സന്ദേശം

• ചന്ദ്രമതി



മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരി.
കേരള സാഹിത്യ അക്കാദമി അവാർഡ് (1999), ഓടക്കുഴൽ അവാർഡ് (1998) മുതലായ അനേകം പുരസ്കാരങ്ങൾ. നിരവധി ഗവേഷണ ലേഖനങ്ങളും, വിവർത്തനങ്ങളും ദേശീയ അന്തർദേശീയ പ്രസിദ്ധീകരണങ്ങളിൽ വന്നിട്ടുണ്ട്. റെയിൻഡിയർ, ദേവീഗ്രാമം, അന്നയുടെ അത്താഴവിരുന്ന് മുതലായവ കൃതികൾ.

വീണ്ടും വരുന്നു ഒരു പുതുവർഷം. പഴയ ശീലങ്ങൾ പലതും മാറ്റാനുള്ള അവസരം. ശരിക്കും പറഞ്ഞാൽ ഒന്നുമെഴുതാത്ത ഒരുപാട് പേജുള്ള ഒരു നോട്ടുപുസ്തകം കൈയിൽ കിട്ടുന്ന ഒരു സന്തോഷമില്ലേ? അങ്ങനെയായിരുന്നു ഞങ്ങളൊക്കെ ചെറിയ കുട്ടികളായിരുന്നപ്പോൾ.

ഡിസംബറിൽ ക്രിസ്മസ് അവധി തുടങ്ങുന്നതിനു തൊട്ടു മുൻപ് ഞങ്ങൾ അടുത്ത കൂട്ടുകാർ കൂടിയിരുന്ന് പുതുവർഷ തീരുമാനങ്ങൾ എന്തൊക്കെയാവണമെന്നു ചർച്ച ചെയ്യും. അതൊക്കെ റഫ് നോട്ടിന്റെ അവസാന പേജിൽ എഴുതിവെക്കും. അങ്ങനെ എഴുതിവെച്ചതിൽ മിക്കതും പ്രവൃത്തിയിൽ കൊണ്ടുവന്നിട്ടുണ്ട്.

അവയിൽ മുഖ്യമായ ഒന്നായിരുന്നു ഞാൻ കണക്കിനെക്കുറിച്ച് എടുത്തിരുന്നത്. കണക്കു പഠിക്കാൻ കൂടുതൽ സമയം ചെലവഴിക്കും!





കണക്ക് എന്നും എനിക്ക് ഒരു കീറാമുട്ടി ആയിരുന്നു. ഭാഷകൾക്കും മറ്റു വിഷയങ്ങൾക്കുമൊക്കെ ക്ലാസിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയിരുന്ന


Editor **T.K. Ubaid** Executive Editor **P.A. Nazimudeen** • Sub Editor **Mehd Maqbool**
Layout & Graphics **Alikoya** • Technical Support **Fahis Ali**
Cover **Fasal Edavanakkad** • e-mail malarvadimag@gmail.com | **www.malarvadi.net**
Circulation Phone 0495 2732555 • Manager Tele 0495 2730073 • e-mail managerprabodhanamclt@gmail.com






ഞാൻ റാങ്ക് നിർണയത്തിൽ പിന്നോട്ടുപോകുന്നത് കണക്കിന്റെ മാർക്ക് കാരണമായിരുന്നു.

ഗോമതിയമ്മാൾ, വിജയലക്ഷ്മി തുടങ്ങി നാലഞ്ചു കുട്ടികൾ കണക്കിന് ഫുൾ മാർക്കും വാങ്ങിക്കും. നൂറിൽ നൂറ്! അപ്പോൾ അവർ റാങ്കിൽ എന്റെ മുന്നിലാകും. കാരണം എനിക്ക് കണക്കിന് ഏറ്റവും കൂടുതൽ കിട്ടിയിട്ടുള്ളത് 65 അല്ലെങ്കിൽ 70 ആണ്. മുപ്പത് മാർക്കിൽ കൂടുതൽ വ്യത്യാസം വരുമ്പോൾ നമുക്ക് പിറകോട്ടുപോകാതെ വയ്യല്ലോ.

റാങ്കിന് വേണ്ടി കടികൂടിയിരുന്ന തലമുറയൊന്നും ആയിരുന്നില്ല ഞങ്ങളുടേത്. റാങ്ക് കിട്ടിയില്ലെങ്കിൽ കൊന്നുകളയും എന്ന് ഭീഷണിപ്പെടുത്തുന്ന അച്ഛനമ്മമാരും അന്ന് ഉണ്ടായിരുന്നില്ല. എങ്കിലും കുട്ടികൾക്ക് ചില വാശികൾ ഉണ്ടാകുമല്ലോ. അത്രേയുള്ളൂ.

പക്ഷേ എത്ര ശ്രമിച്ചിട്ടും കണക്കിന്റെ കാര്യത്തിൽ എനിക്ക് വല്യ പുരോഗതിയൊന്നും ഉണ്ടായില്ല. ഇന്ന് അത് എന്തുകൊണ്ടെന്ന് എനിക്കറിയാം. നമ്മുടെ തലച്ചോറിന്, അഥവാ, ബ്രെയിനിന്, രണ്ടു വശങ്ങളുണ്ട്. ഇടതുവശമാണ് സയൻസ്, കണക്ക് മുതലായ ശാസ്ത്രവിഷയങ്ങളിൽ താൽപര്യവും മിടുക്കും തരുന്നത്. വലതുവശം കലകളിലും സർഗാത്മകതയിലും പ്രാഗത്ഭ്യം തരുന്നു.

എന്റെ തലച്ചോറിന്റെ വലതുവശമാണ് കൂടുതൽ പ്രവർത്തനക്ഷമമായിരുന്നത്. അതുകൊണ്ട് ഇംഗ്ലീഷ്, മലയാളം, സോഷ്യൽ സ്റ്റഡീസ്, ചരിത്രം തുടങ്ങിയ വിഷയങ്ങളിലൊക്കെ മുന്നിട്ടുനിൽക്കാൻ പറ്റി. കഥ, കവിത, ലേഖനം എന്നിവയൊക്കെ അന്നേ എഴുതാൻ കഴിഞ്ഞു. പ്രസംഗമത്സരങ്ങളിലെല്ലാം ഒന്നാം സ്ഥാനത്തെത്താൻ കഴിഞ്ഞു. പക്ഷേ കണക്ക് ഒട്ടും വഴങ്ങിയില്ല.

ഒരു രഹസ്യം പറയട്ടെ? ഇന്നും ആറും അഞ്ചും എത്രയെന്നു ചോദിച്ചാൽ വിരലുകൾ കൂട്ടിയേ എനിക്ക് ഉത്തരം കണ്ടെത്താനാകൂ!

എല്ലാവരുടെ ബ്രെയിനിന്റെ ഘടനയും ഇങ്ങനെയാണ്. അതാണ് നമുക്ക് ചില വിഷയങ്ങളിൽ മിടുക്കുണ്ടാകുന്നതും ചിലതൊക്കെ നമ്മിൽ നിന്ന് മാറിനിൽക്കുന്നതും. പക്ഷേ കണക്ക് ഏറ്റവും അടിസ്ഥാനമായി നാം അറിയേണ്ട ഒന്നാണ്. അതുകൊണ്ട് അതിൽ അൽപമെങ്കിലും അറിവുണ്ടായേ പറ്റൂ. ഉദാഹരണം 'സുജാത' എന്ന സിനിമ കണ്ടപ്പോഴാണ് മാത്സ് പഠിക്കാനും എളുപ്പ വഴികളുണ്ടെന്നു മനസ്സിലായത്.

ഇന്ന് ശാസ്ത്രമൊക്കെ പുരോഗമിച്ചതുകൊണ്ട് നമ്മുടെ അപര്യാപ്തതകൾക്ക് ശാസ്ത്രീയനാമങ്ങളുണ്ട്. എഴുതാനും വായിക്കാനും സ്പെല്ലിങ്ങിലുമൊക്കെ പ്രശ്നമുണ്ടെങ്കിൽ അതിനെ dyslexia എന്ന് പറയുന്നു. കണക്ക് പഠിക്കാനാവാത്ത പഠന വൈകല്യത്തെ dyscalculia എന്നാണ് പറയുന്നത്. അതിനു പരിഹാരങ്ങളും ഉണ്ടെന്ന് അറിയുന്നു. ഈ പുതുവർഷത്തിൽ നിങ്ങൾ ഏതു വിഷയത്തിലാണോ പിന്നാക്കം നിൽക്കുന്നത്, ആ വിഷയത്തിൽ കൂടുതൽ ശ്രദ്ധിക്കും എന്നൊരു തീരുമാനം എടുക്കുക.

കുട്ടിക്കാലത്ത് ഞാനും കൂട്ടുകാരും എടുത്തിരുന്ന മറ്റൊരു തീരുമാനം വായനയെക്കുറിച്ചായിരുന്നു. ആഴ്ചയിൽ ഒരു പുസ്തകം വീതം വായിച്ചു തീർക്കുക. വായിച്ചുതീർത്താൽ മാത്രം പോര; അതിനെക്കുറിച്ച് ഒരു പേജിൽ കുറയാതെ നോട്ട് എഴുതുകയും വേണം. ഒരു പുതിയ നോട്ടുപുസ്തകം ഇതിനായി മാറ്റിവെക്കുക.

ഏറ്റവും ഉത്സാഹത്തോടെയാണ് ഈ തീരുമാനം ഞാൻ ഉൾക്കൊണ്ടിട്ടുള്ളത്. ആഴ്ചയിൽ ഒന്നിൽ കൂടുതൽ പുസ്തകങ്ങൾ വായിച്ചു കുറിപ്പെഴുതുമായിരുന്നു. ഈ കുറിപ്പുകളൊക്കെ പ്രസംഗവിഷയങ്ങൾ കിട്ടുമ്പോൾ മനസ്സിലേക്കോടിവന്ന് സഹായിച്ചിട്ടുണ്ട്. വായന നമ്മുടെ അറിവുകളെ വർധിപ്പിക്കും. വായിച്ച പുസ്തകങ്ങളെക്കുറിച്ച് എഴുതിവരുമ്പോൾ നമ്മുടെ ഭാഷ തെളിഞ്ഞുവരും. മലർവാടിയിലെ കൂട്ടുകാർ ആഴ്ചയിൽ ഒരു പുസ്തകം വീതം വായിക്കാനുള്ള പുതുവർഷ തീരുമാനം എടുക്കുമോ? അത് നിങ്ങൾക്ക് വിചാരിക്കുന്നതിലപ്പുറം ഗുണം ചെയ്യും. ആദ്യഘട്ടങ്ങളിൽ പുസ്തകങ്ങൾ തെരഞ്ഞെടുക്കുവാൻ അധ്യാപകരുടെ സഹായം ആവശ്യപ്പെടാം.

ഈ പുതുവർഷത്തിൽ നിങ്ങൾ എടുക്കേണ്ട ഏറ്റവും വലിയ തീരുമാനം ഇതൊന്നുമല്ല. ഒരു നല്ല കുട്ടിയായി വളർന്നുവരും എന്ന പ്രതിജ്ഞയാണ് അത്. മൊബൈലും ഇന്റർനെറ്റും മറച്ചു വച്ചിരിക്കുന്ന ചതിക്കുഴികളിൽ പെടാതെ, സാമൂഹ്യബോധമുള്ള കുട്ടിയാവണം. നമ്മുടെ ലോകത്ത് ഇപ്പോൾ എന്തെല്ലാം പ്രശ്നങ്ങളാണ്! നല്ല മനുഷ്യരെയാണ് ലോകത്തിന് ആവശ്യം. നന്മയും കരുണയും സഹജീവികളോട് സ്നേഹവുമുള്ള നല്ല മനുഷ്യരായി വളർന്നുവരിക.

ഒന്നുമെഴുതാത്ത പുസ്തകമായി കൈയിൽ കിട്ടുന്ന 2019 -ൽ നിങ്ങൾ സ്നേഹാക്ഷരങ്ങളായി നിറയുക.

ഏവർക്കും പുതുവത്സരാശംസകൾ!

▸▸ റെഡ്ക്രോസിന്റെ ആപ്ത വാക്യം– ചാരിറ്റി ഇൻ വാർ